"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധിയായ കുമാരി. പ്രസന്നകുമാരി.പി.പി ക്ക് ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.490/2025/LSGD തീയതി,തിരുവനന്തപുരം, 17-02-2025

---

പരാമർശം:-

1. പീലിക്കോട് ഗ്രാമപഞ്ചായത്ത് കൗൺസിലിന്റെ 15.06.2023 തീയതി നടന്ന സാധാരണ യോഗത്തിലെ 08(1)/23 നമ്പർ ഭരണസമിതി തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.03.2024 തീയതിയിലെ LSGD/PD/13946/2024 - EER2 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി. പ്രസന്നകുമാരി.പി.പി ക്ക് വാഹനാപകടത്തിൽ പരിക്കിനെ തുടർന്ന് കണ്ണൂർ ആസ്റ്റർ മിംസ് ആശുപത്രിയിൽ (02.06.2022 മുതൽ 05.06.2022) ചികിത്സക്ക് വിധേയനായതിൽ ചെലവായ ആകെ തുകയായ 1,44,316/- (ഒരു ലക്ഷത്തി നാൽപത്തിനാലായിരത്തി മുന്നൂറ്റി പതിനാറ് രൂപ മാത്രം) രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം പീലിക്കോട് ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. കുമാരി. പ്രസന്നകുമാരി.പി.പി ക്ക് കിടത്തി ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയായ 1,32,240 /- രൂപയുടെ 70% തുകയായ 92,568/- രൂപ (തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക

തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ പീലിക്കോട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

ചെയർമാൻ/സെക്രട്ടറി, പീലിക്കോട് ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/61/2024-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

Signed by
Ajith Kumar K A
Date: 17-02-2025 13:01:48